# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1332 — 20.01.2014 ൽ - മറുപടിക്ക്

### എ.പി.എൽ കാർഡുകൾ ബി.പി.എൽ ആക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ബി.പി.എൽ കാർഡിന് അർഹതയുള്ള നിരവധി പേർക്ക് എ.പി.എൽ. കാർഡുകളാണ് നൽകിയിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ബി.പി.എൽ. കാർഡുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (ബി) | തദ്ദേശസ്വയംഭരണ വകുപ്പാണ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത്. ജില്ലാ കളക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ അന്വേഷണത്തിനു ശേഷം അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ നൽകുന്നതിനായി ഉത്തരവാകുന്നുണ്ട്. |
| (സി) | ബി.പി.എൽ. കാർഡുകൾക്ക് അർഹതയുള്ളതും നിലവിൽ എ.പി.എൽ. കാർഡുകൾ ലഭിച്ചിട്ടുള്ളതുമായ ആൾക്കാർക്ക് അടിയന്തരമായി ബി.പി.എൽ. കാർഡുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ | (സി) | ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യമായ അന്വേഷണം നടത്തി അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ നൽകുവാൻ ഉത്തരവാകുന്നതിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. കാർഡുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ